ആദിവാസികൾക്ക് ശേഖരിക്കാവുന്ന വനവിഭവങ്ങൾ

100 [1930] *ശ്രീ. എ. കെ. മണി:*
,, *ജോർജ് ജെ. മാത്യു:*
,, *കെ. എ. ചന്ദ്രൻ:*

പ്രൊഫ. എ. ഡി. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജവവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്ക് ഏതെല്ലാം വനവിഭവങ്ങൾ ശേഖരിക്കുവാനുള്ള അവകാശമുണ്ട്;

(ബി) ഇവ ശേഖരിക്കുന്നതിൽ എന്തെങ്കിലും നിയന്ത്രണമുണ്ടോ; ഉണ്ടെങ്കിൽ അത് നീക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദിവാസികൾക്ക് വനത്തിൽനിന്നും ശേഖരിക്കാവുന്ന തടിയേതര വനവിഭവങ്ങളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ബി) പ്രധാനമായും താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാണ് തടിയേതര വനവിഭവങ്ങൾ നീക്കം ചെയ്യുന്നത്.

1. തടിയേതര വനവിഭവങ്ങൾ വന്യജീവി സങ്കേതങ്ങളിൽ നിന്നും വിൽപ്പനയ്ക്കുവേണ്ടി ശേഖരിക്കുന്നതിന് ബഹു. സുപ്രീംകോടതി വിലക്കിയിട്ടുണ്ട്.
2. ആദിവാസികൾ ശേഖരിക്കുന്ന തടിയേതര വനവിഭവങ്ങൾ എസ്.സി./എസ്.റ്റി. ഫെഡറേഷനോ, അവർ നിർദ്ദേശിക്കുന്ന സ്ഥാപനത്തിനോ മാത്രമേ വിൽക്കുവാൻ പാടുള്ളൂ.
3. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള തടിയേതര വനവിഭവങ്ങൾ മാത്രമേ ശേഖരിക്കാൻ പാടുള്ളൂ.
4. തടിയേതര വനവിഭവങ്ങൾ ശേഖരിക്കുന്നത് കഴിയുന്നതും ശാസ്ത്രീയമായിരിക്കണം. മരത്തിന് കേടുവരുത്താത്ത വിധത്തിലും ഭാവിയിലും ടി സാധനങ്ങൾ ലഭിക്കത്തക്ക വിധത്തിലും ആയിരിക്കണം.
5. തടിയേതര വനവിഭവങ്ങൾ നീക്കം ചെയ്യുന്നത് ഫോറസ്റ്റ് ചട്ടങ്ങൾക്ക് വിധേയമായിട്ടായിരിക്കണം.

നിലവിലുള്ള ചട്ടങ്ങളും കോടതി ഉത്തരവുകളും പാലിക്കേണ്ടതുള്ളതു കൊണ്ടാണ് നിയന്ത്രണങ്ങൾ നീക്കം ചെയ്യാത്തത്.

† അനുബന്ധം XII

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-XII

[21-7-2005-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 100 (T 1930) സദയം കാണുക]

അനുബന്ധം-II

വനത്തിൽനിന്നും ശേഖരിക്കാവുന്ന തടിയേതര വനവിഭവങ്ങളുടെ പട്ടിക

ക്രമ നമ്പർ	പേര്
1	അമൽപൊരി
2	അടപതിയൻകിഴങ്ങ്
3	ഇടംപിരി വലംപിരി
4	ആടലോടക വേര്
5	ഈന്തപ്പനക്കായ
6	ഉറുഞ്ഞിക്കായ
7	ഓരില
8	ഓടക്കുരു
9	കസ്തൂരി മഞ്ഞൾ
10	കഴഞ്ഞിക്കുരു
11	ചെറുതേൻ
12	കൽപ്പാശം
13	കണ്ണാടിവെള്ള
14	കടുക്ക
15	കാട്ടുകുരുമുളകിൻവള്ളി
16	കാട്ടുപാവയ്ക്ക
17	കാട്ടുമഞ്ഞൾ
18	കാട്ടു തിപ്പലിവേര്
19	കാഞ്ഞിരക്കുരു

GPM. 2/566/2012—68

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പേര്
20	കാട്ടിഞ്ചി
21	കാന്താരിമുളക്
22	കന്മദം
23	കക്കുംകായ
24	കരിംകുറിഞ്ഞി
25	കാട്ടുപയർ വേര്
26	കാട്ടുതുളസിവേര്
27	കാട്ടുപുന്നക്കായ
28	കിരിയാത്ത്
29	കീഴാർനെല്ലി
30	കുന്നിരിക്കം
31	കുറുന്തോട്ടി
32	കുമിഴിൻവേര്
33	കൈതോന്നി
34	കുടംപുളി
35	കൊപ്പുവെള്ള
36	കോലരക്ക്
37	കൊടിത്തൂവ വേര്
38	കൊലിഞ്ചി
39	പട്ടിഞ്ച
40	പഞ്ഞിക്കായ
41	പത്തിരിപ്പൂവ്
42	കാട്ടുപടവലം
43	പാൽമുതുക്കിൻ കിഴങ്ങ്
44	പാടക്കിഴങ്ങ്
45	പാച്ചോറ്റിത്തൊലി

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പേര്
46	പൂവണത്തരി
47	പുത്തരിച്ചുണ്ട
48	പൊള്ളക്കായ (നാഞ്ചിക്കുരു)
49	പുന്നപ്പൂവ്
50	പുളി
51	പാലിക്കുരു
52	പീനാറി
53	തകരവേര്
54	വൻതേൻ
55	തേൻമെഴുക്
56	താന്നിക്കായ
57	തേമ്പാക്കായ
58	തേറ്റാംപരൽ
59	താമരക്കിഴങ്ങ്
60	നാങ്കിൻകുരു
61	നറുനീണ്ടി (നന്നാറി)
62	നീല അമരി
63	നെല്ലിക്കായ
64	നീർവാളക്കുരു
65	നായ്ക്കൊരണപ്പരിപ്പ്
66	മഞ്ചക്കുവ
67	മട്ടിപ്പാൽ
68	മരോട്ടിക്കുരു
69	മുവില
70	മരമഞ്ഞൾ
71	മുത്തങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പേര്
72	മുള്ളിലക്കുരു
73	ചിറ്റരത്തക്കിഴങ്ങ്
74	ചിനിക്കായ
75	ചിറ്റമൃത്
76	ചെറുതേക്കിൻവേര്
77	ചെമ്പരത്തിവേര്
78	ചിത്തിരപ്പൂവ്
79	താമച്ചം
80	ചങ്ങലംപറണ്ട
81	ശതാവരിക്കിഴങ്ങ്
82	വയമ്പ്
83	വയണപ്പൂവ്
84	വൻകുറുന്തോട്ടി
85	വെള്ളത്തുമ്പ
86	സീതാരി
87	തഴുതാമവേര്
88	വെളുത്താവണക്കിൻവേര്
89	ഗരുഡക്കൊടി
90	ജീവകം
91	ദർഭപ്പുല്ല്
92	ഏലക്കായ
93	ചിറ്റേലം
94	അത്തിത്തിപ്പലി
95	പ്ലാശ് (പൂവും കായും)
96	പുൽത്തൈലം

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(സംരക്ഷണം)

LIBRARY ARCHIVES Kerala Legislative Assembly